പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 81

# 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ

(ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 81

# 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ

(ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

1770/2021.

# 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ബിൽ

(ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കുന്നതിനും വിപണന രംഗത്ത് ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിപണിയിൽ ഇടപെട്ട് വിപണി വിലയിലെ അസ്ഥിരതയ്ക്ക് പരിഹാരം കാണുന്നതിനും കാർഷിക മേഖലയിൽ കർഷകർക്ക് അനുകൂലമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ പ്രധാന കാർഷികവിളകൾ പോലും വലിയ തകർച്ച നേരിടുകയും കൃഷിയിടത്തിന്റെയും ഉൽപ്പന്നങ്ങളുടെയും അളവ് ചുരുങ്ങി വരികയും ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദന ചെലവ് പോലും ലഭിക്കാത്തതുമായ സാഹചര്യത്തിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കുന്നത് ഉറപ്പാക്കുന്നതിനും വിപണന രംഗത്ത് ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിപണിയിൽ ഇടപെട്ട് വിപണിവിലയിലെ അസ്ഥിരതയ്ക്ക് പരിഹാരം കാണുന്നതിനും കാർഷിക മേഖലയിൽ കർഷകർക്ക് അനുകൂലമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അനിവാര്യമായി തീർന്നിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—എ) ഈ ആക്ടിന് 2021-ലെ കേരള കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കൽ ആക്ട് എന്ന് പറയാം.

ബി) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

സി) ഈ നിയമം ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

1770/2021.

2. നിർവ്വചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

എ) ''കർഷകൻ'' എന്നാൽ ഉടമസ്ഥനായോ, അനുമതിപത്രക്കാരനായോ, ഒറ്റികൈവശക്കാരനായോ, കുത്തകപാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റ് വിധത്തിലും നാല് ഹെക്ടറിൽ കുറയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവന മാർഗ്ഗമായിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നതും അതിൽ കർഷക തൊഴിലാളിയും പാട്ടക്കാരൻ വ്യവസ്ഥയിൽ കൃഷിസ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുന്ന കുടുംബശ്രീ, സ്വയം സഹായം സംഘം യൂണിറ്റുകളും ഉൾപ്പെടുന്നതും ആകുന്നു;

ബി) ''സർക്കാർ''എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

സി) ''കൃഷി'' എന്നാൽ ഉദ്യാനകൃഷിയും ഔഷധകൃഷിയും നഴ്സറി നടത്തിപ്പും കൃഷിവൃത്തിവിളകളും, ഇടവിളകളും, ഫലവൃക്ഷങ്ങളും പച്ചക്കറികളും പൂക്കളും പുല്ലും, തീറ്റപ്പുല്ലും, വൃക്ഷങ്ങളും നട്ടുവളർത്തുന്നതും ഭൂമിയിലുള്ള ഏത് തരത്തിലുള്ള കൃഷിയും മത്സ്യം, ചിപ്പി, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ് ഉൾപ്പെടെയുള്ളവയുടെ പ്രജനനവും പരിപാലനവും കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കായി അല്ലെങ്കിൽ മറ്റേതെങ്കിലും കാർഷികാവശ്യത്തിന് ഉള്ള ഭൂമിയുടെ ഉപയോഗവും ഉൾപ്പെടുന്നു;

ഡി) ''തറവില'' എന്നാൽ ഓരോ കർഷകനും തന്റെ ഉൽപ്പന്നങ്ങൾ വിളയിച്ച് എടുക്കാൻ ചെലവായ തുകയുടെ ഇരട്ടി എന്നർത്ഥമാകുന്നു;

ഇ) ''ജില്ലാതല സമിതി'' എന്നാൽ ജില്ലയിലെ കൃഷി വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് കാർഷിക വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കർഷക സംഘടനാ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നതാണ്;

(എഫ്) ''ഡയറക്ടർ'' എന്നാൽ കൃഷി വകുപ്പ് ഡയറക്ടർ എന്ന് അർത്ഥമാകുന്നു.

3. കർഷകർക്ക് സബ്സിഡി നൽകൽ.—

പ്രതികൂല കാലാവസ്ഥയിലോ സാമ്പത്തികപ്രയാസംമൂലമോ ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് വിളവെടുക്കുന്നതിന് ആവശ്യമായ സബ്സിഡി സംസ്ഥാന സർക്കാർ കർഷകർക്ക് നേരിട്ട് നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കൽ.—

കർഷക വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ എന്നിവ പൂർണ്ണമായും വിപണനം ചെയ്യുന്നതിനായി നടപടി സ്വീകരിക്കേണ്ടതും, കർഷകന് ന്യായവില ലഭ്യമാകുന്ന രീതിയിൽ മധ്യവർത്തികളെ ഒഴിവാക്കി അതാത് പ്രദേശങ്ങളിൽ നിന്ന് നേരിട്ട് കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

5. <u>കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കൽ.</u>—

കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കാൻ കർഷകർക്ക് അവസരം നൽകുക വഴി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ആഴ്ച ചന്തകൾ ആരംഭിക്കുന്നതിനും പ്രസ്തുത ആഴ്ച ചന്തകൾ ഉൽപ്പാദന കേന്ദ്രങ്ങളുടെ സമീപത്തായി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

6. <u>കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കൽ.</u>—

എ) കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാന സർക്കാർ കർഷകർക്ക് ഒരു നിശ്ചിത തുക ബോണസ്സായി നൽകേണ്ടതാണ്.

ബി) ഓരോ ഉൽപ്പന്നങ്ങൾക്കും നൽകുന്ന തുകയുടെ നിരക്ക് നിർണ്ണയിച്ച് നിശ്ചയിക്കേണ്ടതാണ്.

7. <u>ഓരോ ഉൽപ്പന്നങ്ങൾക്കും അടിസ്ഥാന വില നിശ്ചയിക്കൽ.</u>—

എ) ഓരോ കാർഷിക ഉൽപ്പന്നങ്ങൾക്കും അടിസ്ഥാനവില ആറ് മാസത്തിലൊരിക്കൽ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

ബി) അടിസ്ഥാനവില പ്രഖ്യാപിച്ച് വിളകളുടെ വില താഴുമ്പോൾ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലാതലത്തിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉൽപ്പന്നങ്ങൾ സംഭരിക്കേണ്ടതുമാണ്.

8. <u>പഴം, പച്ചക്കറി എന്നിവയുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതി രൂപപ്പെടുത്തൽ.</u>—

എ) ഉത്സവകാലങ്ങളിൽ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയിൽ നിന്ന് ലഭ്യമാകുന്ന വിലയേക്കാൾ 10 ശതമാനം അധികം നൽകേണ്ടതാണ്.

ബി) സംഭരിക്കുന്ന പഴം, പച്ചക്കറികൾ സുരക്ഷിതമായി സംരക്ഷിക്കുന്നതിന് ആവശ്യമായ സംഭരണശാലകൾ ആരംഭിക്കേണ്ടതാണ്.

9. <u>കാർഷിക ഉൽപ്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുന്നതിന് സംസ്ഥാനതല സമിതി രൂപീകരിക്കൽ.</u>—

എ) കാർഷിക ഉൽപ്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുന്നതിന് ഒരു സംസ്ഥാന സമിതി രൂപീകരിക്കേണ്ടതാണ്.

സമിതിയിൽ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ വൈസ് ചെയർമാനായും കൃഷി വകുപ്പ് സെക്രട്ടറി, സഹകരണ വകുപ്പ് സെക്രട്ടറി, സ്റ്റേറ്റ് എക്കണോമിക്സ് അഡ്വൈസറി ബോർഡ് സെക്രട്ടറി, കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാർ, വികസന കർഷകക്ഷേമ വകുപ്പ് എം.ഡി., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ അംഗങ്ങളായും ഉൾപ്പെടുന്നതാണ്.

ബി) പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുകയും വകുപ്പുകൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ഏകോപിപ്പിക്കേണ്ടതും സംസ്ഥാനതല സമിതിയാണ്. അടിസ്ഥാന വില പുതുക്കുന്നതിനും പുതിയ വിളകൾ ഉൾപ്പെടുത്തുന്നതിനും സമിതി സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

10. തറവില നൽകുന്നതിൽ കാലതാമസമോ വിമുഖതയോ ബന്ധപ്പെട്ടവരിൽ നിന്ന് ഉണ്ടാകുന്ന സാഹചര്യത്തിൽ പരിഹാരം ഉണ്ടാക്കൽ.—

തറവില കർഷകന് യഥാസമയം നൽകുന്നതിനോ, നൽകുന്നതിന് വിസമ്മതം പ്രകടിപ്പിക്കുകയോ ചെയ്യുന്ന അവസരത്തിൽ അവ സ്ഥാപിച്ച് കിട്ടുന്നതിന് കർഷകന് ജില്ലാതല സമിതിക്ക് പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

11. വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിന് നടപടി ഉണ്ടാക്കൽ.—

വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിന് കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റേണ്ടത് ആവശ്യമാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് സംയുക്താഭിമുഖ്യത്തിൽ സഹകരണ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾ പരിപോഷിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—

1. ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം മുഖേന ഈ ആക്ട് നടപ്പാക്കുന്നതിന് ആവശ്യമായ എല്ലാ ചട്ടങ്ങളും സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

2. ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിന് ശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനങ്ങളിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ 14 ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിന് ശേഷം അതതു സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയും ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ട പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് കാർഷിക ഉൽപ്പാദനത്തിന്റെ തോത് വൻതോതിൽ കുറഞ്ഞു കൊണ്ടിരിക്കുകയാണ്.

കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ എന്നിവ കാരണം കാർഷിക മേഖല പ്രതിസന്ധി നേരിടുകയാണ്.

സംസ്ഥാനത്ത് ഭക്ഷ്യവിളകളിൽ നിന്നും ഭക്ഷ്യേതര വിളകളിലേക്കുള്ള മാറ്റം കാർഷിക മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കുകയും കൃഷിയിടത്തിന്റെയും കൃഷി ഉൽപ്പന്നങ്ങളുടെയും അളവ് ചുരുങ്ങിവരികയുമാണ്.

കർഷകർ നേരിടുന്ന പ്രധാന പ്രതിസന്ധിയായ വിലയിടിവിന് പരിഹാരം കാണുന്നതിനും കാർഷിക വിളകളുടെ വിസ്തൃതി കുറയുന്നത് തടയുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് ഈ ബിൽ ലക്ഷ്യം വയ്ക്കുന്നത്.

വിളകളുടെ പരിപാലനവും വിത്ത് സംരക്ഷണവും, വളങ്ങളുടെ ക്രമാതീതമായ വില നിയന്ത്രിക്കലും, പ്രധാനപ്പെട്ട കാർഷികോൽപ്പന്നങ്ങൾ വിളവെടുപ്പ് സമയത്ത് തന്നെ സംഭരിക്കുന്നതിനും, ഉൽപ്പാദന ചെലവിന്റെ ഇരട്ടിയെങ്കിലും വില ലഭിക്കുന്ന തരത്തിൽ തറവില കർഷകർക്ക് ഉറപ്പാക്കുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുമ്പോൾ മാത്രമേ ഇതിന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും പ്രാരംഭ ചെലവുകൾക്ക് ഇരുപത്തിയഞ്ച് ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്ക് ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

കുറുക്കോളി മൊയ്തീൻ, എം.എൽ.എ.